3. നേട്ടങ്ങൾ ഉണ്ടാകാത്ത പദ്ധതിക്കായി സർക്കാരിന്റെ ഫണ്ട് അനാവശ്യമായി ചെലവിടേണ്ടിവരുന്നു.

4. വിഴിഞ്ഞം പേൾകൃഷി വ്യാവസായികമായി ലാഭകരമല്ലായെന്ന് കാണുന്നു.

(ഇ) ഇല്ല.

വൈദ്യുതി രംഗത്ത് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച പരിഷ്ക്കാര നടപടികൾ

7 (*674) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി രംഗത്ത് പ്രാബല്യത്തിൽ വരുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട പരിഷ്ക്കാരങ്ങളും അവ ഉളവാകുന്ന പ്രത്യാഘാതങ്ങളും സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വിശദമാക്കാമോ ;

(സി) കേന്ദ്ര നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ വൈദ്യുതി ബോർഡിനെ പോതുമേഖലയിൽ നിലനിർത്തി കൊണ്ട്, വ്യാവസായിക കാർഷിക വികസനത്തിന് പ്രാധാന്യം നൽകി ചുരുങ്ങിയ സമയത്തിനകം എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാനുതകുന്ന നയം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്. എന്നാൽ വിശദമായ പഠനം ആവശ്യമാണ്.

(ബി) വൈദ്യുതി മേഖലയുടെ സമഗ്ര പരിഷ്ക്കാരത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 20-8-2001-ൽ ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ പാർലമെന്റ് അംഗീകരിച്ചതും 10-6-2003-ൽ നിലവിൽ വന്നതുമായ 'ഇലക്ട്രിസിറ്റി ആക്ട്-2003'-ലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് സാദ്ധ്യതയുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും കേന്ദ്ര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്.

(ഡി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly